# കെ.ജി.ജി.എൽ.പി.എസ്
# താന്നിമൂട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം -2025-2026

# ആമുഖം

കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യമിടുന്നത്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. എഴുത്ത്, വായന തുടങ്ങിയ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, സംയുക്ത ഡയറി, സർഗാത്മക ഡയറി, സചിത്രപുസ്തകം, വായനാക്കുറിപ്പ് എന്നിങ്ങനെ വിവിധ മേഖലകളിൽ കുട്ടികളുടെ മെച്ചപ്പെട്ട ഇടപെടലുകൾ ആർജിക്കണം. അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ എല്ലാ വിഷയങ്ങളിലെയും വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വായത്തമാക്കണമെന്നത് ഉൾക്കൊണ്ട് ഓരോ മാസവും വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ആവിഷ്കരിച്ചിരിക്കുന്നത്.

ഈ അധ്യയനവർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ, മറ്റ് സഹായികൾ എന്നിവർ ഉൾപ്പെടുത്തിക്കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും ഉടൻ തന്നെ സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് ഈ അക്കാദമിക അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# മലയാളം

**ലക്ഷ്യം** : വായനാ പരിപോഷണം

മലയാളം തെറ്റുകൂടാതെയും ആശയ വ്യക്തതയോടെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുക.

പ്രവർത്തനങ്ങൾ

- ക്ലാസ്സ് ലൈബ്രറി വികസനവും ആകർഷകമാക്കലും
- ലളിതമായ വായനാക്കാർഡുകൾ നിർമ്മിക്കുക, വായിക്കുക.
- ക്ലാസ് വായനാകൂട്ടം, റീഡേഴ്സ് തീയറ്റർ എന്നിവ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് വായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.
- ബാലസഭകളിൽ പുസ്തക വായനക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- ആനുകാലിക വായന
- വായനാകളരികൾ സംഘടിപ്പിക്കൽ

കാലയളവ് : വർഷം മുഴുവൻ

ചുമതല : ക്ലാസ് ടീച്ചർ, CPTA

സാമ്പത്തികം : PTA

**ലക്ഷ്യം** : ലേഖനശേഷി പരിപോഷണം

മലയാളം തെറ്റുകൂടാതെ ആശയ വ്യക്തതയോടെ എഴുതുക, വിവിധ ഭാഷാ വ്യവഹാരങ്ങളിൽ രചനകൾ നടത്തുക.

പ്രവർത്തനങ്ങൾ

- വായനാക്കുറിപ്പുകൾ തയ്യാറാക്കി സ്കൂൾ അസംബ്ലിയിലും ബാലസഭകളിലും അവതരിപ്പിക്കൽ.

• ഓരോ കുട്ടിയും പതിപ്പുകൾ, കൈയെഴുത്ത് മാസികകൾ, മാഗസിനുകൾ എന്നിവ തയ്യാറാക്കൽ

• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ, പോസ്റ്റർ, ലേഖനം, വിവരണങ്ങൾ, സന്ദേശങ്ങൾ തുടങ്ങി വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തി ബാലസഭകളിലും അസംബ്ലിയിലും അവതരിപ്പിക്കൽ

• കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായി ലഘുശില്പ ശാലകൾ സംഘടിപ്പിക്കുക

• രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ സംയുക്ത ഡയറി എഴുതൽ, സർഗാത്മക ഡയറി എഴുതൽ

• എന്റെ വായനാക്കുറിപ്പുകൾ എന്ന പേരിൽ വായനാക്കുറിപ്പുകൾ എഴുതുകയും അവതരിപ്പിക്കുകയും ചെയ്യൽ.

കാലയളവ് : വർഷം മുഴുവൻ

ചുമതല : HM, ക്ലാസ് ടീച്ചർ, PTA

സാമ്പത്തികം : PTA

<u>ലക്ഷ്യം</u> : സാഹിത്യകാരന്മാരെ അടുത്തറിയൽ

പ്രവർത്തനങ്ങൾ

• സാഹിത്യകാരന്മാരുടെ ഓർമ്മ ദിനങ്ങൾ ആചരിക്കൽ

• സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങളോടനുബന്ധിച്ച് പോസ്റ്റർ രചന, ക്വിസ് മത്സരങ്ങൾ തുടങ്ങിയവ നടത്തൽ.

• ഡോക്യുമെന്ററി പ്രദർശനങ്ങൾ സംഘടിപ്പിക്കൽ

• സാഹിത്യകാരന്മാരുടെ ജീവിതരേഖ തയ്യാറാക്കൽ

• പതിപ്പ് നിർമ്മാണം.

• പ്രാദേശവുമായി ബന്ധപ്പെട്ട് വരുന്ന സാഹിത്യകാര-ന്മാരെക്കുറിച്ച് വിവരശേഖരണം നടത്തി കുട്ടികൾക്ക് ബാലസഭകളിൽ അവതരിപ്പിക്കാൻ അവസരം.

കാലയളവ് : അധ്യയന വർഷം മുഴുവൻ.

സാമ്പത്തികം : PTA

ചുമതല : ക്ലാസ് ടീച്ചർ.

ലക്ഷ്യം : കുട്ടികളിലെ സർഗാത്മക ശേഷി വികസനം

പ്രവർത്തനങ്ങൾ :

• ബാലസഭകളിൽ കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ.

• പ്രാദേശങ്ങളിൽ നിന്നും നാടകം, കവിതാലാപനം തുടങ്ങിയവയ്ക്ക് അവസരം കണ്ടെത്തി അവതരിപ്പിക്കൽ. നവമാധ്യമങ്ങളിൽ പങ്കിടൽ.

• പാട്ടുകൾ, കഥകൾ എന്നിവയിൽ കുട്ടികൾക്ക് യഥേഷ്ടം പങ്കെടുക്കുവാനുള്ള അവസരമൊരുക്കൽ.

• രചനാമത്സരങ്ങൾ സംഘടിപ്പിക്കൽ

കാലയളവ് : വർഷം മുഴുവൻ

സാമ്പത്തികം : PTA

ചുമതല : ക്ലാസ് ടീച്ചർ, HM.

# English

The goal for the first grader is ~~the~~ to handle English freely. The first grader must go from small words to big words. They must be able to read write and speak English. Every child should be able to speak English freely like malayalam. We have to keep the language English close to our heart. Our school accadamic master plan is designed to ensure that not a single child goes illeterate.

Objectives & Learning outcomes

Respond to simple instructions in the class room. Describe orally about the picture and objects. Familiarise with simple words. Enjoy songs and sings them with rhythm and action.

Familiarise the names of birds.

To speak, read & write English without any mistake.

Creat more opportunities for English speaking and listening in the class room

English Theatre.. സർഗ്ഗാത്മകമായ പഠനം. ഇംഗ്ലീഷ് പാഠഭാഗങ്ങളിലെ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ

Skit, drama, conversation, story telling

~~Poetry~~

Identify familiar words
Say familiar words
Read & write familiar words

June

Introduce simple words
Provides picture cards
Pre test
To develop listening skills and reading skills.
Enhance students writing abilities
Encourage students to express themselves through writing on various themes and celebrations like festivals, important days etc.
Descriptions, growing sentences, picture reading Picture descriptions, self - introduction, Assembly activities.

July

Identify familiar words
Say, Read & write familiar words
Library books reading
rhyming words, describing words
Text book activities.
Make word web, Picture description
Word chain, sentence chain.
make riddles, conversation, Add more lines, develop story, description, diary
English corner. - വായന പരിപോഷണം
വായനാ കുറിപ്പുകൾ
വായനാകുറിപ്പ്, പുസ്തക പരിചയം.
വായനാ മത്സരം, രചനാ മത്സരം
ഉദ്ധരണികളുടെ [illegible] ദൃശ്യാവതരണം.

August

Enjoy songs and sings them with rhythm & action.

Describe orally about pictures and objec using adjectives.

~~Jan~~ March വരെ

Read and write simple words and simple sentences. Provides picture cards and reading cards.

Introduce simple picture description.

Make word chain, sentence chain, riddles.

Describing words rhyming words

Text book activities

Prepare reading cards.

Provide more opportunities to read, write and speak english.

Write 5 English words daily.

Read & understand simple instructions in the class room

Encourage digital reading.

Enjoy songs and sings them with rhythm & action

Make picture album

Collect pictures of animals & its young ones

Provide the opportunity to express myself in the classroom

English assemble once in a weak

Speak English fluently

Read & write simple sentences

Picture reading and picture description

വായന ഉണ്ടാക്കു, ലേഖനം, ഉണ്ടാം

# ഗണിതം

ലക്ഷ്യം : കുട്ടികളിൽ സംഖ്യാബോധം ഉണ്ടാക്കുക.

പ്രവർത്തനങ്ങൾ

- കളിനോട്ടുകൾ, നാണയം എന്നിവ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കുക.
- സംഖ്യാ പാട്ടുകളുടെ സാധ്യത പ്രയോജനപ്പെടുത്തുക
- സംഖ്യാ പാട്ടുകൾ എഴുതുകയും ബാലസഭകളിലും അസംബ്ലിയിലും പാടി അവതരിപ്പിക്കുകയും ചെയ്യുക.
- സംഖ്യകളിൽ വലുത്, ചെറുത് എന്നിവ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ, കളികൾ.
- ഭിന്ന സംഖ്യകളെയും പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

കാലയളവ് : ജൂൺ - ആഗസ്ത്

ചുമതല : ക്ലാസ് ടീച്ചർ

സാമ്പത്തികം : PTA

ലക്ഷ്യം : ഗണിത പഠനം രസകരമാക്കൽ

പ്രവർത്തനങ്ങൾ

- ഗണിത കളികൾ ആസൂത്രണം ചെയ്യൽ, നടപ്പിലാക്കൽ
- ഗണിത പഠനോപകരണ നിർമ്മാണവുമായി ബന്ധപ്പെട്ട് ശില്പശാലകൾ സംഘടിപ്പിക്കൽ
- ഗണിതമൂലകൾ സജ്ജീകരിക്കൽ
- ഓരോ കുട്ടിക്കും ഗണിതകിറ്റ് തയ്യാറാക്കൽ.

• ഗണിതമേളകൾ സംഘടിപ്പിച്ച് രസകരമായി തന്നെ ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അവസരമൊരുക്കൽ.

• ഗണിത ചുമർ തയ്യാറാക്കൽ

• ഗണിത പാട്ടുകൾ എഴുതുവാനും ബാലസഭകളിലും മറ്റുമായി അവതരിപ്പിക്കുവാനുമുള്ള അവസരം ഒരുക്കൽ.

കാലയളവ് :

ചുമതല : ക്ലാസ് ടീച്ചർ, HM

സാമ്പത്തികം : PTA

ലക്ഷ്യം : കുട്ടികളിൽ ജ്യാമിതിയ രൂപങ്ങളെക്കുറിച്ചുള്ള ധാരണ വളർത്തൽ

പ്രവർത്തനങ്ങൾ :

• തീപ്പെട്ടിക്കോലുകൾ, കമ്പുകൾ, വള, ഈർക്കിൽ എന്നിവ ഉപയോഗിച്ച് ജ്യാമിതിയ രൂപങ്ങൾ നിർമ്മിക്കൽ.

• ജ്യാമിതിയ രൂപങ്ങളെ ഉൾപ്പെടുത്തി ഗണിത ചുമർ സജ്ജീകരിക്കൽ.

• ജ്യാമിതിയ രൂപങ്ങളുടെ മാതൃകകൾ, ഒറിഗാമി രൂപങ്ങൾ ഉണ്ടാക്കൽ.

കാലയളവ് : ജൂൺ - ആഗസ്റ്റ്

ചുമതല : ക്ലാസ് ടീച്ചർ

സാമ്പത്തികം : PTA

ലക്ഷ്യം : കുട്ടികളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

പ്രവർത്തനങ്ങൾ

• വിവിധതരം ഗണിതകളികൾ ആസൂത്രണം ചെയ്യൽ

അവ നടപ്പിലാക്കൽ.

- ഗണിത ലാബ് പ്രയോജനപ്പെടുത്തൽ.
- ക്ലാസിലൊരു കട എന്ന ആശയം പ്രയോജനപ്പെടുത്തി സങ്കലനവ്യവകലന ക്രിയകൾ കുട്ടികളിൽ ഉറപ്പിക്കുക.
- കളിനോട്ടുകൾ, നാണയങ്ങൾ എന്നിവയുടെ സാധ്യത ഉറപ്പാക്കി ചതുഷ്ക്രിയകൾ എളുപ്പമാക്കൽ.
- ഉല്ലാസഗണിതം പ്രയോജനപ്പെടുത്തൽ.
- നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ ചതുഷ്ക്രിയകൾ മനസിലാക്കുന്നതിനുള്ള അവസരങ്ങളൊരുക്കൽ.
- പഠനോപകരണങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തൽ.
- കുട്ടികളിലെ ഗണിത കിറ്റിന്റെ സാധ്യത പ്രയോജനപ്പെടുത്തി ചതുഷ്ക്രിയകൾ എളുപ്പമാക്കൽ.

കാലയളവ് : വർഷം മുഴുവൻ.

ചുമതല : ക്ലാസ് ടീച്ചർ, HM

സാമ്പത്തികം : PTA

# പരിസരപഠനം.

**ലക്ഷ്യം**

1. കുട്ടികളെ നാം ജീവിക്കുന്ന ചുറ്റുപാടിനെകുറിച്ച് ബോധവാന്മാരാക്കുക.

**പ്രവർത്തനം**

- പ്രകൃതി നടത്തം
- ജൈവവൈവിധ്യ ഉദ്യാന നിരീക്ഷണം, പരിപാലനം
- സസ്യങ്ങളെ സവിശേഷതകൾ തിരിച്ചറിഞ്ഞ് തരംതിരിക്കൽ.

കാലയളവ് — ജൂൺ - ജൂലൈ.

**ലക്ഷ്യം** :- പ്രകൃതി സംരക്ഷണം.

**പ്രവർത്തനങ്ങൾ**

- പ്ലാസ്റ്റിക് മാലിന്യ ശേഖരിച്ച് ഹരിതകർമ്മ സേനയ്ക്ക് നൽകൽ
- പ്രകൃതിസംരക്ഷണവുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ, പ്ലക്കാർഡ് ഇങ്ങിയവ തയ്യാറാക്കൽ.
- ജൈവവൈവിധ്യ ഉദ്യാനസംരക്ഷണവും പരിപാലനവും (അധ്യയനവർഷം [illegible] മുഴുവൻ)

3. ലക്ഷ്യം :- ശുചിത്വശീലങ്ങൾ കുട്ടികളിൽ ഉറപ്പു വരുത്തുക.

പ്രവർത്തനങ്ങൾ

- ശുചിത്വ ശീലങ്ങൾ പരിശീലിപ്പിക്കൽ
- ശുചിത്വവുമായി ബന്ധപ്പെട്ട് പോസ്റ്റർ, സന്ദേശ-വാക്യങ്ങൾ ഇടങ്ങിയവ ക്ലാസ്റൂമിലും സ്കൂൾ പരിസരത്തും പതിക്കൽ.

കാലയളവ് (സെപ്തംബർ - ഒക്ടോബർ)

4. ലക്ഷ്യം :- ശാസ്ത്രപഠനവും ലളിതവും രസകരവുമാക്കാൻ സൗകര്യമൊരുക്കൽ.

പ്രവർത്തനം :- ശാസ്ത്രപഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ.

* പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.

കാലയളവ് :- വർഷം മുഴുവൻ.

5. ലക്ഷ്യം :- ഭൂപടമൊരുക്കാം.

കേരളം ഇന്ത്യ ഭൂപടവായന, സൂചിക പരിചയപ്പെടൽ.

പ്രവർത്തനം - ഭൂപടവായന
ഭൂപടരചന
സൂചികാ നിർമ്മാണം.

കാലയളവ് - വർഷത്തിലൊന്ന്.

ലക്ഷ്യം :- ശാസ്ത്രപഠനം രസകരമാക്കാൻ ശാസ്ത്ര വിസ്മയ ചുവർ ഒരുക്കൽ.

പ്രവർത്തനം :- ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ ഒട്ടിച്ച് പ്രദർശിപ്പിക്കൽ.

കാലയളവ് :- ആവശ്യാനുസരണം.

ലക്ഷ്യം :- ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം നടത്താൻ ശാസ്ത്രമേളകളും ശാസ്ത്രോത്സവവും സംഘടിപ്പിക്കൽ.

പ്രവർത്തനം :- പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണങ്ങളുടെ നിർമ്മാണം, ഇവയുടെ പ്രദർശനം

കാലയളവ് :- വർഷത്തിലൊരിക്കൽ.

ലക്ഷ്യം :- ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചനകൾ ഉൾപ്പെടുത്തി ശാസ്ത്രമാസിക തയ്യാറാക്കൽ.

പ്രവർത്തനം :- കുട്ടികൾ തയ്യാറാക്കിയതും ശേഖരിച്ചതുമായ വിവരങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രമാസിക തയ്യാറാക്കുക.

കാലയളവ് :- വർഷത്തിലൊന്ന്.

ലക്ഷ്യം :- കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക.

പ്രവർത്തനം :- പ്രധാന ശാസ്ത്രദിനങ്ങൾ ആചരിക്കുക.
ക്വിസ്മത്സരങ്ങൾ നടത്തുക.
ഡോക്യുമെന്ററി പ്രദർശനം.
പതിപ്പ്, പോസ്റ്റർ നിർമ്മാണം.
ശാസ്ത്ര കൗതുക വാർത്തകൾ ശേഖരിച്ച് അസംബ്ലിയിൽ അവതരിപ്പിക്കൽ.

കാലയളവ് :- ആവശ്യാനുസരണം.